(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഉണ്ടായ കോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്രപേർക്ക് റിവർഷൻ ഉണ്ടായി ?

ഉത്തരം

(എ) 18-4-1986-ാം തീയതിയിലെ ജി. ഒ. (എം. എസ്.) 81/86/തസ്വവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് കോമൺ സർവ്വീസ് റൂൾസ് നിലവിൽ വരുന്നതിനുമുൻപ് (1-4-1977-ന്) ഉള്ള ഫെഡ് ക്ലാർക്ക് ആയിട്ടുള്ള ജീവനക്കാരെ മാനേജർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് ടെസ്റ്റ് യോഗ്യതയിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി 2-7-1986-ൽ 4657/86-ാം നമ്പർ ബി. എം. പി.യിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 18-4-1986-ലെ ജി. ഒ. (എം. എസ്.) 81/86-ാം നമ്പർ സർക്കാർ ഉത്തരവ് നടപ്പാക്കൽ താൽക്കാലികമായി നിരോധിച്ചിട്ടുണ്ട് ; കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ ചട്ടങ്ങളിൽ ഭേദഗതിയൊന്നും വരുത്തിയിട്ടില്ല.

(സി) റിവർഷൻ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർക്കുള്ള പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ്

1153 [1729] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധി പ്രകാരം പഞ്ചായത്തു എക്സിക്യൂട്ടീവ് ആഫീസർമാരുടെ സീനിയോർട്ടി ലിസ്റ്റ് തയ്യാറാക്കണമെന്ന് എന്നാണ് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയത് ;

(ബി) ഇതുപ്രകാരം പഞ്ചായത്ത് ഡയറക്ടർ റിവർഷന് വിധേയമാകുന്ന എക്സിക്യൂട്ടീവ് ആഫീസർമാരുടെ ആക്ഷേപം എന്നാണ് ക്ഷണിച്ചത് ;

(സി) ആക്ഷേപം സ്വീകരിക്കുന്ന തീയതി കഴിഞ്ഞോ ; എങ്കിൽ ഇക്കാര്യത്തിൽ പഞ്ചായത്തു ഡയറക്ടർ അവസാന തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണ് ;

(ഡി) ഒരു ക്ലിപ്ത തീയതിക്കകം ഈ കാര്യം തീരുമാനിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 11-1-1984-ലെ ജി. ഒ. (ആർ. ടി.) 126/84/എൽ. എ. ആൻഡ് എസ്. ഡബ്ല്യു. ഡി. ഉത്തരവനുസരിച്ചാണ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന 1690/79, 3096/81, 3111/81 എന്നീ ഒ.പി.കളിൻമേലുള്ള 20-7-1983-ലെ വിധിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് പുനഃപരിശോധിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുകളിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് ഡയറക്ടർ സീനിയോറിറ്റി ലിസ്റ്റ് പുന:പരിശോധിച്ച് 1-4-1984-ൽ നിലവിലുള്ള രീതിയിൽ സീനിയോറിറ്റി ലിസ്റ്റ് 17-7-1984-ലെ കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയാണുണ്ടായത്. റിവർഷന് വിധേയമാകുന്ന ആഫീസർമാരുടെ ആക്ഷേപം ക്ഷണിച്ചിരുന്നില്ല.

(സി) റിവർഷന് വിധേയരായ ഉദ്യോഗസ്ഥൻമാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി റിവർഷൻ സ്റ്റേ ചെയ്യുകയും ചെയ്തു. തുടർന്നുണ്ടായ വിധി ന്യായത്തിൽ റിവർഷന് വിധേയരായ ഉദ്യോഗസ്ഥൻമാരുടെ ആക്ഷേപങ്ങൾ സ്വീകരിച്ച് അവർക്കർഹതപ്പെട്ട റാങ്ക് 1-ം 2-ം ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസറൻമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നൽകാൻ ഉത്തരവായി. എന്നാൽ സർക്കാരിന്റെ 4-4-1986-ലെ 12874/ജെ 1/86/ത.സ്വ.വ. നമ്പർ കത്തിലെ സ്റ്റേ ഉത്തരവുമൂലം നോട്ടീസ് നൽകി സ്വീകരിച്ച ആക്ഷേപങ്ങളിൻമേൽ അന്തിമ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകൾക്കുള്ള ഗ്രാൻറ്

1154 [1730] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം തരത്തിലുള്ള ഗ്രാൻറാണ് സംസ്ഥാനത്തിലെ പഞ്ചായത്തുകാർക്ക് നൽകുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ഇനത്തിലും ഓരോ വർഷവും കൊടുത്ത ഗ്രാൻറുകൾ എത്ര വീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ ഗ്രാൻറ്, സ്പെഷ്യൽ ഗ്രാൻറ്, ഇൻഷ്യൽ ഗ്രാൻറ്, ബ്ലോക്ക് ഗ്രാൻറ്, അഡ്ഹോക്ക് ഗ്രാൻറ്, എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറുകൾ, ആരോഗ്യവകുപ്പിൽ നിന്നും മാറിവന്ന കൺസർവൻസ്സിക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഗ്രാൻറ്, വികസന പരിപാടികൾ ക്രമീകരിക്കുന്നതിനുള്ള ഗ്രാൻറ്, ശുദ്ധജല വിതരണ സ്ഥാപനങ്ങളുടെ കേടുപാടുപോക്കലും സംരക്ഷണവും സംബന്ധിച്ച ഗ്രാൻറുകൾ, (വാട്ടർ സപ്ലൈ ഇൻസ്റ്റാലേഷൻ) കുഴൽ കിണറുകൾ കുഴിക്കുന്നതിനുള്ള ഗ്രാൻറ്, ശ്മശാനങ്ങൾ തുടങ്ങുന്നതിനും സംരക്ഷിക്കുന്നതിനും ഉള്ള ഗ്രാൻറ്, ഓടകളും കക്കൂസുകളും നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ്, ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനുള്ള ഗ്രാൻറ്, ഗ്രാമറോഡുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനുമായുള്ള ഗ്രാൻറ്, റെയിൽവേ ക്രോസുകളുടെ സംരക്ഷണത്തിനുള്ള ഗ്രാൻറ്, ലൈറ്റിംഗ് ഗ്രാൻറ്, സ്പോഴ്സ് ആൻറ് ഗെയിംസ് ഗ്രാൻറ്, ഓപ്പൺ എയർ തിയേറ്റർ ഗ്രാൻറ്, വസ്തു കൈമാറ്റ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന ധനസഹായം, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, ബേസിക് ടാക്സ് ഗ്രാൻറ്.

(ബി) അനുബന്ധം 'എ' യിൽ കൊടുത്തിരിക്കുന്നു. †

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly